**<u>ജില്ലാദുരന്തനിവാരണഅതോറിറ്റി ചെയർമാൻ & കോഴിക്കോട് ജില്ലാകളക്ടറുടെ നടപടിക്രമം.</u>**

*(ഹാജർ : എ ഗീത ഐ എ എസ്)*

***

വിഷയം : നിപ വൈറസ് രോഗം- കണ്ടൈൻമെൻറ് സോണുകളിലെ നിയന്ത്രണ ങ്ങളിൽ- ഇളവുകൾ വരുത്തി -ഉത്തരവ്

സൂചന : 1) 13-09-2023 ലെ DCKKD/9827/2023/F4 നമ്പർ ഉത്തരവ്

2) 18-09-2023 ലെ DCKKD/9827/2023/F4 നമ്പർ ഉത്തരവ്

**********************************************************************************

**ഉത്തരവ് നമ്പർ : DCKKD/9827/2023-F4 തിയ്യതി : 20-09-2023**

**********************************************************************************

കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽപ്പെട്ട സ്ഥലങ്ങളിൽ നിപ വൈറസ് ബാധ സ്ഥിരീകരിക്കുകയും രണ്ട് പേർ മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ രോഗം കൂടുതൽ പേരിലേക്ക് പകരാതിരിക്കാൻ സൂചന (1) പ്രകാരം കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിലെ ഒമ്പതോളം ഗ്രാമപഞ്ചായത്തുകളിലെ വാർഡുകളെ കണ്ടൈൻമെൻറ് സോണുകളാക്കി പ്രഖ്യാപിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു.

എന്നാൽ മരണപ്പെട്ടവരുടെയും രോഗം പോസിറ്റീവ് ആയവരുടെയും സമ്പർക്ക പട്ടികയിൽ പെട്ട എല്ലാവരെയും കണ്ടെത്തുകയും അവരുടെയെല്ലാം പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതുവരെ പരിശോധിച്ച സാമ്പിളുകളിൽ പോസിറ്റീവ് കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

ഈ സാഹചര്യത്തിൽ കണ്ടൈൻമെൻറ് സോണുകളിലെ കർശന നിയന്ത്രണങ്ങൾക്ക് കൂടുതൽ ഇളവുകൾ വരുത്താമെന്ന് ആരോഗ്യ വിദഗ്ധ സമിതി നിർദേശം നൽകിയിട്ടുണ്ട് .

ഇതനുസരിച്ച് വടകര താലൂക്കിലെ കണ്ടൈൻമെന്റ് സോണിൽ ഏർപ്പെടുത്തിയിരുന്ന കർശന നിയന്ത്രണങ്ങൾക്ക് ഇളവ് വരുത്തിക്കൊണ്ട് സൂചന (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മേൽ പ്രദേശത്തെ ട്രഷറിയുടെ പ്രവർത്തനം സ്തംഭിച്ചത് കാരണം ഗവൺമെന്റ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കിട്ടാത്ത അവസ്ഥയും അത്യാവശ്യ ബില്ലുകൾ മാറിക്കിട്ടാത്ത അവസ്ഥയുമുണ്ടെന്ന് പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രദേശത്തെ ട്രഷറികൾക്ക് നിപാ പ്രോട്ടോക്കോൾ പാലിച്ച് മിനിമം ജീവനക്കാരെ വെച്ചുകൊണ്ട് ഉച്ചയ്ക്ക് 2 മണി വരെയുള്ള സമയത്ത് പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഓഫീസിൽ ഹാജരാകുന്ന മുഴുവൻ പേരും മാസ്ക് ,സാനിറ്റൈസർ എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതും സാമൂഹിക അകലം പാലിക്കേണ്ടതുമാണ്.

ചെയർമാൻ

ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കലക്ടർ

പകർപ്പ് :

1. ജില്ലാ ട്രഷറി ഓഫീസർ , താമരശേരി
2. തൊട്ടിൽപ്പാലം ട്രഷറി ഓഫീസർ
3. തഹസിൽദാർ , വടകര
4. RDO , വടകര
5. ജില്ലാ പോലീസ് മേധാവി (കോഴിക്കോട് റൂറൽ)
6. ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർക്ക്
7. I & PRD